(ബി) സംസ്ഥാനത്തൊട്ടാകെ 6833 ഹെക്ടർ ഓരു ജലാശയത്തിലും 7988 ഹെക്ടർ ശുദ്ധജലാശയത്തിലുമായി ആകെ 14821 ഹെക്ടർ പ്രദേശത്ത് മത്സ്യകേരളം പദ്ധതി പ്രകാരം മത്സ്യക്കൃഷി നടത്തിവരുന്നു. കൂടാതെ 17 റിസർവോയറുകളിലായി 9783 ഹെക്ടർ പ്രദേശത്ത് മത്സ്യക്കൃഷി നടത്തിവരുന്നു.

(സി) മത്സ്യകേരളം പദ്ധതിയിലൂടെ ഇതുവരെയായി 4863 ടൺ ചെമ്മീനും 10512 ടൺ മത്സ്യം/ആറ്റുകൊഞ്ചും,17.5 ടൺ കരിമീനും 4 ടൺ ഞണ്ടും, 5462 ടൺ കല്ലുമ്മേക്കായും അധികമായി ഉൽപ്പാദിപ്പിച്ചു. അതുവഴി സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനം നിലവിലുണ്ടായിരുന്ന 75000 ടണ്ണിൽ നിന്നും 1.26 ടണ്ണായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) മത്സ്യോൽപ്പാദനം 2 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ പ്രദേശത്തേക്ക് കൃഷി വ്യാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മത്സ്യകേരളം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ പ്രവർത്തനമാരംഭിച്ചിട്ടുള്ളതിൽ 100 മികച്ച മത്സ്യ കർഷക ക്ലബ്ബുകളെ തെരഞ്ഞെടുത്ത് അവയ്ക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ഓരോ ക്ലബ്ബിനും 5.60 ലക്ഷം രൂപ നൽകുന്നതിന് നടപടി പൂർത്തിയാക്കി വരുന്നു. സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ചിട്ടുള്ള കരിമീനിന്റെ സംരക്ഷണത്തിനും ഉല്പാദന വർദ്ധനവിനുമായി 'കരിമീൻ വർഷം' എന്ന പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) മത്സ്യകേരളം പദ്ധതി ഒരു സർക്കാർ പദ്ധതി എന്നതിലുപരി ഒരു ജനകീയ പദ്ധതിയാക്കി മാറ്റാൻ കഴിഞ്ഞതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് അവിസ്മരണീയമാണ്. പദ്ധതിയുടെ വിജയവും പ്രധാനമായും ഈ ഘടകത്തെ ആസ്പദമാക്കിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള അക്വാകൾച്ചർ കോ-ഓഡിനേറ്റർമാരാണ് കൃഷി വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് അതത് പഞ്ചായത്തിൽ മേൽനോട്ടം വഹിക്കുന്നത്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി പണം അനുവദിക്കുന്ന മത്സ്യകർഷക ക്ലബ്ബുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം അനുവദിക്കുന്നത് അതത് പഞ്ചായത്താണ്. കരിമീൻ വർഷം പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

മത്സ്യഭവനുകളുടെ പുനഃസംഘടന

191 (1661) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിലെ മത്സ്യഭവനുകളുടെ പുനഃസംഘടനയ്ക്കായുള്ള സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യഭവനുകളുടെ പുനഃസംഘടന ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകുവാൻ കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സുനാമി പുനരധിവാസഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിലായി 69 പേർ കടൽസുരക്ഷാസേനയിലേയ്ക്ക് ട്രെയിനിംഗ് കഴിഞ്ഞുനിൽക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ട്രെയിനിംഗ് കഴിഞ്ഞുനിൽക്കുന്ന ഇവർക്ക് ജോലി നൽകാൻ സർക്കാരിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഫിഷറീസ് വകുപ്പിന്റെ പുതിയ സ്പെഷ്യൽ റൂൾ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 9 ജില്ലകളിലായി 60 പേരെ ഗോവയിലെ 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ ട്രെയിനിംഗിന് അയയ്ക്കുകയുണ്ടായി. ടി ട്രെയിനിംഗ് 59 പേർക്ക് വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നേടി. 28-1-2001-ലെ (സാ) 69/11/ മ.തു.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ ഫിഷറീസ് സ്റ്റേഷനിലും രണ്ടു വീതം പരിശീലനം കിട്ടിയിട്ടുള്ള സുരക്ഷാ സേനാംഗത്തിനെ ദിവസക്കൂലിയടിസ്ഥാനത്തിൽ ഏർപ്പെടുത്തുവാൻ അനുവാദം നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് ധനസഹായം

192 (1662) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വിവിധ മത്സ്യമേഖലകളിലായി വീടു വയ്ക്കുന്നതിന് 2006-07 മുതൽ 2010-11 വരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് (50000 രൂപ വീതം) ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ധനസഹായം നൽകിയിട്ടുണ്ട് ;

(ബി) ഇക്കാലയളവിൽ പ്രതിവർഷം ഈ ആനുകൂല്യം ലഭിച്ചത് എത്ര മത്സ്യത്തൊഴിലാളികൾക്കാണെന്ന് വർഷവും പേരുവിവരവും മേൽവിലാസവും സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009-10 മുതലാണ് ഫിഷറീസ് വകുപ്പ് മുഖേന, ഭവന നിർമ്മാണ പദ്ധതിക്ക് 50,000 രൂപ വീതം അനുവദിച്ച് തുടങ്ങിയത്. ഹരിപ്പാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഉള്ള 8 മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത ധനസഹായം നൽകിയിട്ടുണ്ട്.

(ബി) വ്യക്തമാക്കാം.

2006-2007 (40,000 രൂപ പ്രകാരം)

1. അബ്ദുൽ വാഹിദ്, പഴയ കണ്ടശ്ശേരിൽ, ആറാട്ടുപുഴ.
2. അബ്ദുൾ ഷദാദ്, കോളിത്തറയിൽ, ആറാട്ടുപുഴ.
3. ഷാജി, കടലച്ചിറയിൽ, പതിയാങ്കര
4. സുനിൽ ഭരതൻ, അലക്കുച്ചാലിൽ, പതിയാങ്കര.

LIBRARY ARCHIVES Kerala Legislative Assembly